**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **23-08-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സേവനങ്ങൾ കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (എ) | ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും, സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെവിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ് മെന്റ്സിസ്റ്റം (ഐ .എൽ.ജി .എം .എസ്സ്) സോഫ്റ്റ് വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഫയൽ മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് എന്നീ മൂന്നു മോഡ്യൂളുകളാണ് ഐ .എൽ.ജി .എം .എസ്സ്-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പഞ്ചായത്തുകളിൽ ഉപയോഗിച്ചു വരുന്ന എല്ലാ സോഫ്റ്റ് വെയറുകളും ഐ .എൽ.ജി .എം .എസ്സ് എന്ന ഒറ്റ പ്ലാറ്റ് ഫോമിലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നഗരകാര്യ വകുപ്പിലെ സേവനങ്ങൾ പൂർണമായും ഓൺലൈൻ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു .നഗര സഭകളിൽ നൽകിവരുന്ന എല്ലാ സേവനങ്ങളും സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭിക്കാനുള്ള<br><br>അർബൻ ഇആർപി എന്ന പേരിൽ ഒരു വെബ് ആപ്ലിക്കേഷന് സോഫ്റ്റ്‌വെയർ വികസിപ്പിച്ച് വരികയാണ്.കൂടാതെ നഗരസഭ പരിധിയിലുള്ള ലോ റിസ്ക് വിഭാഗത്തിൽപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും അനുമതി നൽകുന്നതിനായി ഐ. ബി.പി.എം.എസ്സ് (ഇന്റഗ്രേറ്റഡ് ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റം ) എന്ന സോഫ്റ്റ്‌വെയറും വികസിപ്പിച്ചിട്ടുണ്ട്. നികുതി ഓൺലൈനായി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനവുംനടപ്പാക്കിയിട്ടുണ്ട്.നഗരസഭകളിൽ നൽകിവരുന്ന213സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭിക്കുന്നതിനായി സിറ്റിസൺ സർവീസ് പോർട്ടൽ എന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നഗരസഭകളിൽ ഐ എൽ ജി എം എസ്സിന്റെ പരിഷ്കരിച്ച പതിപ്പായ ഐ .എൽ.ജി .എം .എസ്സ് 2.0 നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു . |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഈ വർഷം തന്നെ മൊബൈൽ ആപ്ലിക്കേഷനിലൂടെ നൽകാൻ പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും ഐ .എൽ.ജി .എം .എസ്സ് സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ട്.ഐ .എൽ.ജി .എം .എസ്സ് ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്ത ശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്കു ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനും ഓൺലൈൻ ആയി തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ആയത് മൊബൈൽ ഫോൺ മുഖേനയും ചെയ്യാവുന്നതാണ്.<br><br>നഗരകാര്യ വകുപ്പിൽ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ നൽകാനുള്ള പ്രവർത്തനങ്ങൾ ഐ കെ എം മുഖേന പുരോഗമിച്ചുവരുന്നു.<br><br>ഐ .എൽ.ജി .എം .എസ്സ് സോഫ്റ്റ് വെയറിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഐ.കെ.എംന്റെ സഹകരണത്തോടെ സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും കടലാസ് രഹിതമാക്കുയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഒറ്റപ്പെട്ടതെങ്കിലും കണ്ടെത്തിയ ചില ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ്-ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റത്തിലെ പോരായ്മ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഗ്രാമ പഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും, സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ് വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ് മെന്റ്സിസ്റ്റം (ഐ .എൽ.ജി .എം .എസ്സ്) സോഫ്റ്റ് വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.<br><br>നഗരകാര്യ വകുപ്പിൽ കടലാസ്സ് രഹിത ഓഫീസ്ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഐ .എൽ.ജി .എം .എസ്സ് സോഫ്റ്റ് വെയറിലെ സംശയ ദൂരീകരണത്തിനും, സോഫ്റ്റ് വെയറിലെപ്രശ്നങ്ങൾസമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ഗ്ലോബൽ മാസ്റ്റർ ടീം അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്ത് ഡയറക്ടേറ്റിൽ ഐ .എൽ.ജി .എം .എസ്സ് കാൾ സെന്റർ കം സപ്പോർട്ട് സെൽ രൂപീകരിച്ചിട്ടുണ്ട്.കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ ഐ.കെ.എംന്റെ ശ്രദ്ധയിൽപ്പെടുത്തി ആയത് പരിഹരിച്ച് 100% പൂർണതയോടെ സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ